# നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു.



ലോക പ്രമേഹ ദിനത്തിൻറെ ഭാഗമായി എറണാകുളം റൂറൽ ജില്ലാ പോലീസ് സംഘടിപ്പിച്ച നേത്ര പരിശോധന ക്യാമ്പ് ജില്ലാ പോലീസ് ആസ്ഥാനത്തെ കോൺഫറൻസ് ഹാളിൽ വച്ച് ജില്ലാ പോലീസ് മേധാവി കെ.കാർത്തിക് IPS ഉത്ഘാടനം ചെയ്തു.

പോലീസിൻറെ ശാരീരികവും മാനസീകവുമായ ആരോഗ്യം സംരക്ഷിക്കുന്നതിനോടനുബന്ധിച്ച് ജില്ലാ പോലീസ് നടത്തിവരുന്ന വിവിധ പദ്ധതികളുടെ ഭാഗമായിട്ടാണ് നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചത്. ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിച്ച ജില്ലാ പോലീസ് മേധാവി ആരോഗ്യകരമായ ഭക്ഷണരീതിയെക്കുറിച്ചും, ദൈനംദിന ജീവിതത്തിൽ വ്യായമത്തിൻറെ പ്രാധാന്യത്തെക്കുറിച്ചും ഓർമ്മപെടുത്തി. ഡോ.ഷീന.ലിസ്.മണി (റെറ്റീന സ്പെഷ്യലിസ്റ്റ്) ബോധവൽക്കരണ ക്ലാസ് എടുത്തു. പത്മശ്രീ ഡോ.ടോണി ഫെർണാണ്ടസ് ആലുവ ഡി വൈ എസ് പി ജി.വേണു, നർക്കോട്ടിക് സെൽ ഡി വൈ എസ് പി എം.ആർ.മധുബാബു ഡി സി ആർ ബി ഡി വൈ എസ് പി റെജി.എബ്രഹാം.പി, ആലുവ ഈസ്റ്റ് എസ് ഐ ഇ.എസ്.സാംസൺ, KPOA ജില്ലാ സെക്രട്ടറി ജെ.ഷാജിമോൻ, KPA ജില്ലാ പ്രസിഡൻറ് ഇ.കെ.അബ്ദുൾജബ്ബാർ എന്നിവരും DPO സ്റ്റാഫും, മറ്റു പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തു.